"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയത്തിൽ ശ്രീ. വിജയകുമാർ.റ്റി എന്നയാളെ 22.11.2018 പൂർവാഹ്നം മുതൽ ദിവസവേതനാടിസ്ഥാനത്തിൽ കോർട്ട് ഓഫീസറായി നിയമിച്ച നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.1231/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 30/06/2021

---

പരാമർശം:- 1 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാന്റെ 22.11.2018-ലെ എ1/ 2887/2018/ഒബിഡി എൻ നമ്പർ നടപടിക്രമം

2 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ സെക്രട്ടറിയുടെ 03.08.2019, 14.12.2019 തീയതികളിലെ എ1/2887/2018/ഒബിഡിഎൻ നമ്പർ കത്തുകൾ

<u>ഉത്തരവ്</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയത്തിലെ കോർട്ട് ഓഫീസർ തസ്തികയിൽ വഞ്ചിയൂർ മജിസ്ട്രേറ്റ് കോടതിയിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിൽ നിന്നും വിരമിച്ച ശ്രീ. വിജയകമാർ.റ്റി അനന്തു ഭവൻ, വഴുതന മുഗൾ, പൂവച്ചൽ പി.ഒ തിരുവനന്തപുരം എന്നയാളെ 22.11.2018 പൂർവാഹ്നം മുതൽ ദിവസവേതനാടിസ്ഥാനത്തിൽ കോർട്ട് ഓഫീസറായി പരമാർശം 1 പ്രകാരം നിയമിച്ചിരുന്നു. തുടർന്ന് ശ്രീ.വിജയകമാറിനെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുവാൻ ഇടയായ സാഹചര്യങ്ങൾ വിശദീകരിച്ചു കൊണ്ടും പ്രസ്തുത നടപടി സാധൂകരിക്കണമെന്ന് അപേക്ഷിച്ചുകൊണ്ടും പരാമർശം 2 പ്രകാരം ഓംബുഡ്സ്മാൻ കാര്യാലയം സെക്രട്ടറി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുവാൻ യോഗ്യതയുള്ള ഉദ്യോഗസ്ഥർ ഇല്ലാതിരുന്ന സാഹചര്യത്തിലായിരുന്നു കോർട്ട് ഓഫീസർ തസ്തികയിലേയ്ക്ക് നിയമനം നടത്തിയതെന്ന് അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയത്തിൽ ശ്രീ. വിജയകമാർ.റ്റി എന്നയാളെ 22.11.2018 പൂർവാഹ്നം മുതൽ ദിവസവേതനാടിസ്ഥാനത്തിൽ കോർട്ട് ഓഫീസറായി നിയമിച്ച നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

1999- ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ (പരാതി അന്വേഷണ വിചാരണയും സേവന വ്യവസ്ഥകളും) ചട്ടങ്ങളിലെ 6-ാം ചട്ടത്തിന് കീഴിലുള്ള പട്ടിക പ്രകാരം കോർട്ട് ഓഫീസർ ആയി ഹൈക്കോടതിയിലെ കോർട്ട് ഓഫീസറെയോ സീനിയർ ഗ്രേഡ്

അസിസ്റ്റന്റിനെയോ ജില്ലാക്കോടതിയിലെ ശിരസ്ഥാദാരുടെയോ തസ്തികയിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിൽ കോർട്ട് ഓഫീസറായി നിയമിക്കുന്നതിനുള്ള നടപടി ഉടനെ കൈക്കൊള്ളേണ്ടതാണെന്നും അപ്രകാരം നിയമനം നടക്കുന്നത് വരെയോ 2021 ജൂലൈ 31 വരെയോ ഏതാണോ ആദ്യം അതുവരെ മാത്രം ടിയാന്റെ നിയമനം നിലനിർത്തണമെന്ന് നിർദ്ദേശിച്ചു കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയശ്രീ എം
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ് :

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം, തിരുവനന്തപുരം

ശ്രീ. വിജയകുമാർ.റ്റി (സെക്രട്ടറി,തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ജി .എസ് .എസ് എ /ഇ.ആർ .എസ് .എ), കേരളം , തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ ,ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ധനകാര്യ (ഡവ വിംഗ്) വകുപ്പ് (08.06.2021 -ലെ DEV 1/74/2019/FIN നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ